(ബി) നികുതി ഇളവ് നൽകാൻ ഉണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ കേരള ധനകാര്യനിയമം മുഖേന വാറ്റ്, കെ.ജി.എസ്.റ്റി., ലക്ഷ്വറി ടാക്സ്, രജിസ്ട്രേഷൻ ഡ്യൂട്ടി, മോട്ടോർ വാഹന നികുതി എന്നിവയിൽ നൽകിയിട്ടുള്ള പ്രധാന ഇളവുകൾ അനുബന്ധം ആയി ചേർക്കുന്നു.*

(ബി) സർക്കാർ നയത്തിന്റെ ഭാഗമായിട്ടാണ് വിവിധ മേഖലകളിൽ നികുതി ഇളവ് നൽകുന്നത്.

നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് പദ്ധതി

148 (493) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് പദ്ധതി ആരംഭിച്ചത് എന്നാണ് ; പദ്ധതി വിഭാവന ചെയ്തതനുസരിച്ച് 2015-16 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ 140 മണ്ഡലങ്ങളിലായി എത്ര കോടി രൂപയുടെ പദ്ധതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് ;

(ബി) നാളിതുവരെ പദ്ധതി പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച തുക എത്ര ;

(സി) ആസ്തി വികസന ഫണ്ട് പദ്ധതി അനുസരിച്ച് സാമാജികന്മാർ നാളിതുവരെ നിർദ്ദേശിച്ച മൊത്തം പ്രവൃത്തികൾ എത്ര ; സർക്കാർ ഭരണാനുമതി നൽകിയ പ്രവൃത്തികൾ എത്ര ; മൊത്തം എത്ര കോടി രൂപയുടെ ഭരണാനുമതി നൽകി ; ഇതിൻ പ്രകാരം ട്രഷറിയിൽനിന്നും പിൻവലിച്ച തുക എത്ര ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) ഭരണാനുമതിക്കായി എത്ര നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലിരിക്കുന്നു ; അതിൽ 2015 മാർച്ച് 31 വരെയുള്ള നിർദ്ദേശങ്ങൾ എത്രയായിരുന്നു ?

ഉത്തരം

(എ) 2012-13 വർഷത്തിൽ സർക്കാർ ഉത്തരവ് (പി) നമ്പർ 332/12/ധന. തീയതി 11-6-2012 പ്രകാരമാണ് നിയോജക മണ്ഡല ആസ്തി വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ടി പദ്ധതി പ്രകാരം ഒരു എം.എൽ.എ.യ്ക്ക് 5 കോടി രൂപ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്ന കണക്കിൽ മൊത്തം 705 കോടി രൂപയാണ് പ്രതിവർഷം ബഡ്ജറ്റിൽ വകയിരുത്തുന്നത്. ടി തുകയിൽ പരിമിതപ്പെടുത്തി പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിനുള്ള അധികാരം എം.എൽ.എ.മാരിൽ നിക്ഷിപ്തമാണ്.

(ബി-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

അടൂർ നിയോജകമണ്ഡലത്തിലേക്ക് ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് സർക്കാർ സ്കൂളുകൾക്ക് ബസ്

149 (494) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് സർക്കാർ സ്കൂളുകൾക്ക് സ്കൂൾ ബസ് വാങ്ങി നൽകുന്നതിനായി നാളിതുവരെ നൽകിയിട്ടുള്ള പ്രത്യേകാനുമതികളുടെ വിവരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(ബി) അടൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് ബസ് വാങ്ങാനുള്ള നിർദ്ദേശത്തിന്മേൽ തുടർ നടപടി എടുക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) അടച്ചുപൂട്ടൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന സർക്കാർ സ്കൂളുകളെ നിലനിർത്തുന്നതിന് സഹായകരമായ ഇത്തരം നിർദ്ദേശങ്ങളിൽ തീരുമാനമെടുക്കുവാൻ കാലവിളംബം വരുത്തുന്നതിന്റെ കാരണം അറിയിക്കാമോ ;

(ഡി) അടൂർ നിയോജകമണ്ഡലത്തിൽനിന്നും പരിഗണനയിലുള്ള ബന്ധപ്പെട്ട ഫയലിന്മേൽ പ്രത്യേകാനുമതി സമയബന്ധിതമായി ലഭ്യമാക്കുമോ ?

ഉത്തരം

(എ) കൊട്ടാരക്കര, ചേർത്തല നിയോജകമണ്ഡലങ്ങളിൽ ആസ്തി വികസന പദ്ധതിയിൻകീഴിൽ സർക്കാർ സ്കൂളുകൾക്ക് സ്കൂൾ ബസ് വാങ്ങി നൽകുന്നതിന് പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

(ബി-ഡി) പൊതുജനോപകാരപ്രദവും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ മൂലധനസ്വഭാവമുള്ള സ്ഥിരമായ ആസ്തികളുടെ സൃഷ്ടിയാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻകീഴിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ബസ് വാങ്ങുന്ന പദ്ധതി ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ ഇത്തരം ശിപാർശകൾ അനുകൂലമായി പരിഗണിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly